**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1645** **20-06-2024 - ൽ മറുപടിയ്ക്ക്**

**കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളാക്കി മാറ്റുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിലെ എത്ര കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളായി ഉയർത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്ന 'Strengthening of Agricultural Extension' പദ്ധതിയിലെ സ്മാർട്ട് കൃഷി ഭവൻ ഘടകത്തിലുൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ നിന്നും 3 കൃഷി ഭവനുകളെ തിരഞ്ഞെടുത്തിട്ടുണ്ട്.<br><br>2022-23 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുത്ത കരകുളം (നെടുമങ്ങാട് ബ്ലോക്ക്) മംഗലപുരം (കഴക്കൂട്ടം ബ്ലോക്ക്) കൃഷി ഭവനുകളെ സ്മാർട്ട് ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.<br><br>2023-24 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുത്ത ആര്യനാട് കൃഷി ഭവന്റെ (കാട്ടാക്കട ബ്ലോക്ക്) സ്മാർട്ട് കൃഷി ഭവൻ പ്രവർത്തനങ്ങൾ ആരംഭ ഘട്ടത്തിലാണ്.<br><br>കൂടാതെ NABARD RIDF പദ്ധതിയിൽ ഉൾപ്പെടുത്തി നഗരൂർ കൃഷി ഭവനെ സ്മാർട്ട് കൃഷി ഭവൻ ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| (ബി) | വർക്കല മണ്ഡലത്തിലെ കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ഓരോ വർഷത്തെയും വാർഷിക ബജറ്റ് അനുസരിച്ച് ഘട്ടംഘട്ടമായി സംസ്ഥാനത്തെ കൃഷി ഭവനുകളെ സ്മാർട്ട് കൃഷിഭവനുകളായി മാറ്റുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. വരും വർഷങ്ങളിൽ വാർഷിക പദ്ധതികളുടെ ഭാഗമായി ഫണ്ട് ലഭ്യതയ്ക്കനുസൃതമായി വർക്കലമണ്ഡലത്തിലെ കൃഷിഭവനുകളെയും സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ ഭാഗമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ